**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5212** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യഭ്യാസ മേഖലയിലെ പരീക്ഷ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നത വിദ്യഭ്യാസ മേഖലയിലെ പരീക്ഷ പരിഷ്കരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി രൂപീകരിച്ച കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; കമ്മീഷന് മുമ്പാകെ പരിഗണനാ വിഷയങ്ങളായി ഉൾപ്പെടുത്തിയവ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരീക്ഷാ പരിഷ്കരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിയമിച്ച ഡോ.സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷൻ അതിന്റെ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് വിധേയമായ പ്രധാന വിഷയങ്ങൾ ചുവടെപ്പറയുന്നു :-<br><br>• നിലവിൽ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പുള്ള പരീക്ഷാ സംവിധാനം പരിശോധിക്കുന്നതിന്<br>• നിലവിലുള്ള പാഠ്യപദ്ധതിയും ഇതിൽ വരുത്താൻ പോകുന്ന മാറ്റങ്ങളും പരിശോധിച്ച് അതിനനുസൃതമായ പരീക്ഷാ സംവിധാനം നിർദ്ദേശിക്കുന്നതിന്<br>• വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ മുതൽ വിടുതൽ സർട്ടിഫിക്കറ്റ് വരെയുള്ള രേഖകളുടെ സൂക്ഷിപ്പ് സംവിധാനം പരിശോധിക്കുന്നതിനും ഡിജിലോക്കർ പോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും<br>• പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം ഇവയിൽ നിലവിലുള്ള രീതികൾ പരിശോധിച്ച് മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിന്<br>• ചോദ്യപേപ്പറിന്റെ ഘടന, പരീക്ഷകളുടെ ഘടന ഇവയിൽ കരിക്കുലത്തിലെ മാറ്റങ്ങൾക്കനുസരിച്ചുള്ള മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | • ഓരോ സർവ്വകലാശാലയും വേണ്ട പരീക്ഷാ റെഗുലേഷനുകളുടെ ഡ്രാഫ്റ്റ് ബന്ധപ്പെട്ട എല്ലാവരോടും ആശയവിനിമയം നടത്തി തയ്യാറാക്കി സമർപ്പിക്കുന്നതിന്<br>• അക്കാഡമിക് കലണ്ടറും പരീക്ഷ കലണ്ടറും തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന്<br>• പരീക്ഷ സംവിധാനം പടിപടിയായി ഡിജിറ്റലാക്കുന്നതിന് വേണ്ട വ്യവസ്ഥയും സമയക്രമവും നിർദ്ദേശിക്കുന്നതിന്<br>• അധ്യാപക-അനദ്ധ്യാപക ജീവനക്കാരെ പരീക്ഷാ സംവിധാനത്തിന്റെ കുറ്റമറ്റ നടത്തിപ്പിനനുയോജ്യമായി പരിശീലിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന്<br>• മറ്റ് നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അതും ചർച്ചയുടെ ഭാഗമായി ഉയർന്നു വരുന്ന വിഷയങ്ങളിൽ പുതിയ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അതും സമർപ്പിക്കുന്നതിന്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ പരീക്ഷാ പരിഷ്കരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ വിശദമാക്കാമോ; പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | കമ്മീഷൻ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരീക്ഷാ പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്. നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ